പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ : **145** 01-12-14 - ൽ മറുപടിയ്ക്ക്

**പുതിയങ്ങാടി ഫിഷിംഗ് ഹാർബർ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. ടി. വി. രാജേഷ്:** | | **ശ്രീ. കെ. ബാബു<br>മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി** |
| എ) | കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ പുതിയങ്ങാടി ഫിഷിംഗ് ഹാർബർ നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത്; | എ) | ടോപ്പോഗ്രാഫിക്കൽ സർവ്വേ, ബെഡ് സാമ്പിൾ എന്നിവ ശേഖരിച്ചിട്ടുണ്ട്. ഷോർലൈൻ സർവേ നടന്നുവരുന്നു. ഹാർബറിനുവേണ്ട മാതൃകാപഠനം നടത്തുന്നതിന് കേന്ദ്ര സർക്കാർ ഏജൻസിയായ CWPRS നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മാതൃകാ പഠനത്തിന്റെ നടപടികൾ ടി ഏജൻസി ആരംഭിച്ചിട്ടുണ്ട്. |
| ബി) | എത്ര തുക ഇതിനായി ഇതുവരെ ചെലവഴിച്ചിട്ടുണ്ട്; | ബി) | പുതിയങ്ങാടി മത്സ്യബന്ധന തുറമുഖത്തിന്റെ ഇൻവെസ്റ്റിഗേഷൻ, മാതൃകാ പഠനം എന്നിവ നടത്തുന്നതിനായി ഇതുവരെ 3659804/- രൂപ ചെലവഴിച്ചിട്ടുണ്ട്. |
| സി) | എന്തൊക്കെ പഠനങ്ങളാണ് ഇവിടെ നടത്തുവാനുള്ളത് ; വിശദാംശം നൽകാമോ; | സി) | ഇൻവെസ്റ്റിഗേഷൻ, മാതൃകാപഠനം എന്നിവ പൂർത്തീകരിച്ച ശേഷം ഇ.ഐ.എ. പഠനം, മണ്ണിന്റെ ഉറപ്പ് പരിശോധിക്കുന്നതിനുള്ള ബോറിംഗ് എന്നിവ നടത്തേണ്ടതുണ്ട്. |
| ഡി) | ഹാർബറിന്റെ നിർമ്മാണ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്നറിയിക്കുമോ? | ഡി) | മാതൃകാപഠനം, ഇ.ഐ.എ. പഠനം എന്നിവ പൂർത്തീകരിച്ച ശേഷം ചീഫ് എഞ്ചിനീയർ പദ്ധതി രൂപരേഖ തയ്യാറാക്കി സമർപ്പിക്കുന്ന മുറയ്ക്ക് അനുമതി നൽകുന്ന വിഷയം പരിശോധിക്കുന്നതാണ്. |

Jayaram

**സെക്ഷൻ ഓഫീസർ**